**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4201** | **28-06-2024 - ൽ മറുപടിയ്ക്ക്**

**സി.ആർ. ഇസഡ് സോൺ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ തീരദേശവാസികൾ സി.ആർ.ഇസഡ്. ന്റെ ഭാഗമായി വിവിധങ്ങളായ ബുദ്ധിമുട്ടുകൾ നേരിടേണ്ടി വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്താകമാനം സി.ആർ. ഇസഡ്. ന്റെ ഭാഗമായി എത്ര കെട്ടിടങ്ങൾക്ക് നമ്പർ നൽകാൻ കഴിയാത്ത അവസ്ഥ നിലനിൽക്കുന്നതായി ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; | (ബി) | നിലവിൽ 2011 സി.ആർ.ഇസഡ് വിജ്ഞാപനത്തിലെ വ്യവസ്ഥകൾ അനുസരിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് സി. ആർ.ഇസഡ് അനുമതി നൽകി വരുന്നത്. 31.12.2023 വരെ ലഭ്യമായ ക്രമവൽക്കരണ അപേക്ഷകളിൽ നിയവിധേയമായി നിർമ്മാണം പൂർത്തിയാക്കിയ വാസഗൃഹങ്ങൾ ക്രമവൽക്കരിച്ച് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. 2019 തീരദേശപരിപാലനനിയമ പ്രകാരം തീരദേശവാസികൾ, മത്സ്യതൊഴിലാളികൾ , ഗോത്രവർഗ്ഗക്കാർ എന്നിവർ 2011 വിജ്ഞാപനത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സംസ്ഥാന തീരദേശ പരിപാലന അതോറിറ്റിയുടെ മുൻകൂർ അനുമതി കൂടാതെ നിർമ്മിച്ച വാസഗൃഹങ്ങൾ ക്രമവത്കരിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി ആനുകൂല്യം 2019 തീരദേശപരിപാലന പ്ലാൻ കേന്ദ്രസർക്കാർ അംഗീകാരം ലഭിക്കുന്നതോടുകൂടി സംസ്ഥാനത്ത് ബാധകമാകുന്നതാണ്. സി. ആർ. ഇസഡ് പരിധിയിൽ ഉൾപ്പെട്ട പ്രദേശങ്ങളിലെ കെട്ടിട നിർമ്മാണങ്ങൾക്ക് മാത്രമെ കേരള തീരദേശപരിപാലന അതോറിറ്റിയുടെ മുൻകൂർ അനുമതി ആവശ്യമുള്ളൂ.<br><br>250m2 വിസ്തീർണ്ണം വരെയുള്ള വാസഗൃഹ നിർമ്മാണത്തിനുള്ള അപേക്ഷകളിൽ തുടർ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം അതാത് ജില്ലാതലകമ്മിറ്റികൾക്ക് നൽകിയിട്ടുള്ളതാണ്. ഇതിനാൽ സി. ആർ.ഇസഡ് - ന്റെ ഭാഗമായി കെട്ടിടങ്ങൾക്ക് നമ്പർ നൽകുന്നത് സംബന്ധിച്ച ജില്ല |

| | | | |
|---|---|---|---|
| | | | തിരിച്ചുള്ള കണക്കുകൾ കേരള തീരദേശ പരിപാലന അതോറിറ്റിയിൽ ലഭ്യമല്ല. ടി വിഷയം സംബന്ധിച്ച വിവരങ്ങൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് ലഭ്യമായിട്ടുള്ളത്. |
| (സി) | പ്രസ്തുത പ്രതിസന്ധികൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ? | (സി) | 2019 സി. ആർ. ഇസഡ് വിജ്ഞാപന പ്രകാരമുള്ള CZMP കേന്ദ്രസർക്കാർ അംഗീകരിക്കുന്ന മുറയ്ക്ക് ചുവടെ പറയുന്ന ആനുകൂല്യങ്ങൾ സംസ്ഥാനത്ത് ലഭിക്കുന്നതാണ്.<br><br>1.300m2വരെയുള്ള വാസഗൃഹനിർമ്മാണങ്ങൾക്ക് അനുമതി നൽകുന്നതിനുള്ള അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തന്നെ നൽകുന്നതിനുള്ള വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുണ്ട്.<br><br>2. സംസ്ഥാനത്ത് 66 ഗ്രാമപഞ്ചായത്തുകളെ CRZ III യിൽ നിന്നും CRZ II ലേയ്ക്ക് തരം തിരിച്ചിട്ടുണ്ട്. ടി പഞ്ചായത്തുകൾക്ക് CRZ II ന്റെ വ്യവസ്ഥകൾ പ്രകാരമുള്ള ആനുകല്യങ്ങൾ ലഭിക്കുന്നതാണ്.<br><br>3. 2011 ലെ ജനസംഖ്യ സാന്ദ്രത കണക്കിലെടുത്ത് ഒരു ചതുരശ്ര കിലോമീറ്ററിൽ 2161 പേരോ അതിൽകൂടുതലോ ഉള്ള വികസിത പ്രദേശങ്ങളെ സി.ആർ. ഇസഡ് IIIA എന്ന വിഭാഗത്തിലും അതിൽ കുറഞ്ഞ ജനസംഖ്യയുള്ള പ്രദേശങ്ങളെ സി. ആർ. ഇസഡ് IIIB വിഭാഗത്തിലും ഉൾപ്പെടുത്തിയിരിക്കുന്നു. സി.ആർ.ഇസഡ് IIIA യിൽ കടലിന്റെ വേലിയേറ്റനിരയിൽ നിന്ന് 50 മീറ്റർ വരെ വികസനനിരോധന മേഖലയായി കുറച്ചിട്ടുണ്ട്. ഉൾനാടൻ ജലാശയങ്ങളുടെ (സി.ആർ. ഇസഡ് III വിഭാഗത്തിലെ) വേലിയേറ്റ രേഖയിൽ നിന്നുള്ള ദൂരപരിധി 100 മീറ്ററിൽ നിന്ന് 50 മീറ്റർ വരെയായി കുറയ്ക്കുകയും പ്രസ്തുത 50 മീറ്റർ വരെയോ ജലാശയത്തിന്റെ വീതിയോ, കരയിലേക്കുള്ള പ്രദേശങ്ങളോ ഏതാണ് കുറവ് അതും വികസനരഹിത മേഖലയാണ്. തുറമുഖത്തിന്റെ ഭാഗമായി പ്രഖ്യാപിച്ച പ്രദേശങ്ങളിൽ പ്രവർത്തനരഹിത മേഖല ബാധകമല്ല. കൂടാതെ ദ്വീപുകളിലെ ദൂരപരിധി 50മീറ്ററിൽ നിന്ന് 20 മീറ്ററായും കുറച്ചിട്ടുണ്ട്.<br><br>4, കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 26.11.2021 ലെ SO നമ്പർ 4886 (E) നമ്പരായി ഭേദഗതി പുറപ്പെടുവിച്ചിരുന്നു. ടി ഭേദഗതി പ്രകാരം 1991- ന് മുമ്പ് നിർമ്മിച്ചിട്ടുള്ള ബണ്ടുകൾ ഉണ്ടെങ്കിൽ വേലിയേറ്റ രേഖ പ്രസ്തുത ബണ്ടുകളിൽ നിജപ്പെടുത്താവുന്നതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതു പ്രകാരമുള്ള ആനുകൂല്യങ്ങളും ലഭിക്കുന്നതാണ്. |

| | | | | |
|---|---|---|---|---|
| | | | | 5. 2019 CRZ വിജ്ഞാപന പ്രകാരം 1000ചതുരശ്ര മീറ്ററിൽ കൂടതൽ വിസ്തീർണ്ണമുള്ള സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കണ്ടൽക്കാടുകൾക്ക് ച്ചുറ്റും മാത്രമാണ് 50 മീറ്റർ ബഫർ ഡീമാർക്കേറ്റ് ചെയ്യുന്നതിന് തീരുമാനിച്ചിട്ടുള്ളത്. കൂടാതെ 2019 തീരദേശ പരിപാലന പ്ലാനിൽ സ്വകാര്യവ്യക്തികളുടെ ഉടമസ്ഥതയിലുള്ള കണ്ടൽക്കാടുകൾക്ക് ച്ചുറ്റുമുള്ള ബഫർ ഏരിയ നീക്കം ചെയ്യുന്നതിനുള്ള ആവശ്യമായ മാറ്റങ്ങൾ തീരദേശ പരിപാലന പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>2019 തീരദേശ പരിപാലന നിയമ പ്രകാരം തീരദേശവാസികൾ,മത്സ്യത്തൊഴിലാളികൾ, ഗോത്രവർഗ്ഗക്കാർ എന്നിവർ 2011 വിജ്ഞാപനത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സംസ്ഥാന തീരദേശ പരിപാലന അതോറിറ്റിയുടെ മുൻകൂർ അനുമതി കൂടാതെ നിർമ്മിച്ച വാസഗൃഹങ്ങൾ ക്രമവത്കരിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി ആനുകൂല്യം 2019 തീരദേശ പരിപാലന പ്ലാൻ കേന്ദ്രസർക്കാർ അംഗീകാരം ലഭിക്കുന്നതോടുകൂടി സംസ്ഥാനത്ത് ബാധകമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ